## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3678 15.12.2014 -ൽ മറുപടിക്ക്

## പി. എസ്. സി യുടെ ഓൺലൈൻ പരീക്ഷാകേന്ദ്രം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
|---|---|
| എ) പി. എസ്. സി. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ എല്ലാ ജില്ല-കളിലും ആരംഭിക്കാൻ ഉദ്ദേശി-ക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| ബി) ഇത് മുഖേന പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം സൗക-ര്യങ്ങൾ ലഭ്യമാക്കാനാണ് ഉദേശിക്കുന്നതെന്ന് വ്യക്ത-മാക്കാമോ; | (ബി) ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ മുഖേന പരീക്ഷാ നടത്തിപ്പിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാ-നാണ് ഉദേശിക്കുന്നത്.<br>1. പരീക്ഷാ തീയതി മുതൽ ഒരു മാസത്തിനകം ചുരുക്ക/ സാദ്ധ്യത/റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക.<br>2. കൂടുതൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള പരീക്ഷാ കേന്ദ്രങ്ങൾ ലഭ്യമാക്കുക<br>3. പരീക്ഷാ കേന്ദ്രങ്ങളുടെ നിലവിലെ ലഭ്യതക്കുറവു മൂലമുള്ള കാലതാമസം ഒഴിവാക്കുക |

. . . .2)

| | | | |
|---|---|---|---|
| സി) | ഓൺലൈൻ പരീക്ഷാ കേന്ദ്രം മുഖേനയുള്ള പരീക്ഷ നടത്തിപ്പിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ; | (സി) | ചെലവ് ചുരുക്കാൻ സാധിക്കും. |
| ഡി) | നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് പരീക്ഷാ നടത്തിപ്പിന് പി.എസ്.സി. ചെലവഴിക്കുന്നത് എത്ര രൂപയാണെന്നും ഓൺ ലൈൻ പരീക്ഷാകേന്ദ്രം വന്നാൽ ഇത് എത്രയാകുമെന്നും വ്യക്തമാക്കാമോ ; | (ഡി) | നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് എത്ര രൂപ പരീക്ഷാ നടത്തിപ്പിനായി ചെലവഴിക്കുന്നുണ്ടെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ച് തുക വ്യത്യാസപ്പെടും എന്നതിനാലാണ് ഇങ്ങനെ തിട്ടപ്പെടുത്താത്തത്. ഓൺ ലൈൻ പരീക്ഷകളാകുമ്പോൾ തുകയിൽ ഗണ്യമായ കുറവ് ഉണ്ടാകും. |
| ഇ) | ഇത് നടപ്പിലാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിലവിലുള്ളവ വെട്ടിച്ചുരുക്കുകയോ ചെയ്യുന്നുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ